# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5247** **23.05.2017 ൽ മറുപടിയ്ക്ക്**

## ജൈവപച്ചക്കറി കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.കെ. ദാസൻ<br>ശ്രീ.സി. കെ. ശശീന്ദ്രൻ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് ജൈവകൃഷിയുടെ വ്യാപനത്തിനായി സുജലം സുഫലം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) ഉണ്ട്. ഹരിത കേരളം പദ്ധതിയുടെ ഭാഗമായ കൃഷി വികസന പദ്ധതികൾ 'സുജലം സുഫലം' എന്ന പേരിൽ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ജൈവകൃഷി വ്യാപനം, പച്ചക്കറിയിൽ സ്വയം പര്യാപ്തത, തരിശുരഹിത വയലുകൾ, സമഗ്ര നാളികേര പുരയിട കൃഷി, കാർഷിക മൂല്യ വർദ്ധിത ഉല്പന്നങ്ങൾ എന്നിവയാണ് 'സുജലം സുഫലം' പദ്ധതിയുടെ ലക്ഷ്യങ്ങൾ. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും തരിശ് കിടന്ന സ്ഥലങ്ങൾ കൃഷിയ്ക്ക് ഉപയുക്തമാക്കുകയും പ്രാദേശികമായി ലഭ്യമാകുന്ന പൊതുസ്ഥലങ്ങളിൽ വ്യാപകമായി പച്ചക്കറി ഇതര കൃഷികൾ നടപ്പിലാക്കുകയും വഴി പരമാവധി ഉല്പാദനവും ഒപ്പം പരിസര ശുചിത്വവും കൈവരിക്കുവാൻ ലക്ഷ്യമിടുന്നു. ഗാർഹിക-സ്ഥാപനങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ജൈവ മാലിന്യങ്ങളെ വളം (കമ്പോസ്റ്റ്) ആക്കി മാറ്റി അവ ഉപയോഗിച്ചും രാസവള- രാസകീടനാശിനികളുടെ ഉപയോഗം പരമാവധി കുറച്ചും പരിസ്ഥിതിയ്ക്കിണങ്ങുന്ന നല്ല കാർഷിക പരിചരണ മുറകൾ അവലംബിക്കുകയും അതോടൊപ്പം ജൈവകൃഷി പ്രോത്സാഹനം, സുരക്ഷിത ഭക്ഷ്യ വസ്തുക്കൾ (സേഫ്-റ്റു- ഈറ്റ്), ഉല്പാദന വർദ്ധനവ് എന്നിവ സാദ്ധ്യമാക്കുക എന്നതും പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽപ്പെടുന്നു. |

| | |
|---|---|
| ബി) ജൈവപച്ചക്കറി കൃഷിയിൽ എല്ലാ കുടുംബങ്ങളെയും പങ്കാളികളാക്കാൻ നടപടി സ്വീകരിക്കുമോ; | ബി) ജൈവ പച്ചക്കറി കൃഷിയിൽ എല്ലാ കുടുംബങ്ങളേയും പങ്കാളികളാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇതിനായി നഗരങ്ങളിലും നാട്ടിൻ പുറങ്ങളിലുമുള്ള എല്ലാ വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യങ്ങളെ ഉറവിടങ്ങളിൽ തന്നെ കമ്പോസ്റ്റിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ജൈവവളമാക്കി മാറ്റി അവ ഉപയോഗിച്ച് വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ സുരക്ഷിത മാർഗ്ഗത്തിലൂടെ ഉല്പാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിച്ചു വരുന്നു. ഇതുവഴി പൊതുജനങ്ങളിൽ കൃഷിയോടുള്ള താല്പര്യം നിലനിർത്തുന്നതിനും പരിസര ശുചിത്വം കൈവരിക്കുവാനും ലക്ഷ്യമിടുന്നു. |
| സി) വിവിധ ഏജൻസികളുടെ സ്കീമുകൾ സംയോജിപ്പിച്ച് ഒരു പ്രാദേശിക പച്ചക്കറി സമഗ്ര പദ്ധതിയ്ക്ക് കൃഷിഭവനുകൾ മുഖേന രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | സി) ഉണ്ട്. ഹരിത കേരളം മിഷൻ ആദ്യ ഘട്ട പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള നിർവ്വഹണ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയതിൻ പ്രകാരം ഒരു വർഷം മുഴുവനും (52 ആഴ്ച) കേരളത്തിനാവശ്യമായ അത്യാവശ്യ പച്ചക്കറി ഇനങ്ങളുടെ ഉല്പാദനം ഉറപ്പു വരുത്തുന്ന രീതിയിൽ ഒരു പച്ചക്കറി ഉല്പാദന കലണ്ടർ തയ്യാറാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രാദേശിക തലത്തിൽ കൃഷി ഭവനുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനുള്ള പ്രവർത്തനത്തിന് നേതൃത്വം നൽകേണ്ടതാണ്. ഓരോ പ്രദേശത്തെയും താല്പര്യമുള്ള കർഷകർ, സംഘങ്ങൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്നിവരെ സജ്ജരാക്കുന്നതോടൊപ്പം ആവശ്യമായ ഭൂമിയുടെ ലഭ്യത, പച്ചക്കറി വിത്ത്, സാങ്കേതിക പിന്തുണ എന്നിവയ്ക്ക് വിവിധ സ്ഥാപനങ്ങൾ/ ഏജൻസികളുടെ പിന്തുണയും ഉറപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.<br>കൃഷി വകുപ്പിന്റെ സാമ്പത്തിക വിഹിതത്തിനു പുറമെ വിവിധ തലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും എം.എൽ.എ, എം.പി ഫണ്ട് പോലുള്ള മറ്റ് സാമ്പത്തിക സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകളും ഉപയോഗപ്പെടുത്തി പഞ്ചായത്തിന്റെ ആവശ്യകതയെ അടിസ്ഥാനപ്പെടുത്തി |

പഞ്ചായത്ത് തലത്തിൽ സമഗ്രമായ പദ്ധതിയ്ക്ക് രൂപം നൽകി വിവിധ സ്ഥാപനങ്ങളുടെ/ ഏജൻസികളുടെ/ പൊതുജനങ്ങളുടെ കൂട്ടായ പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

S. [signature]

**സെക്ഷൻ ഓഫീസർ**